# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.597** **29.11.2018-ൽ മറുപടിയ്ക്ക്**

## ഇടുക്കി ജില്ലയിൽ സുഗന്ധ വ്യഞ്ജന പാർക്ക്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ വിവിധ സർവ്വേ നമ്പരുകളിലായുള്ള 90.82 ഏക്കർ ഭൂമി ഏറ്റെടുത്ത് സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | എ) & ബി) | ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ബഹു.കേരള ഹൈക്കോടതി 08/11/2013-ൽ സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ 19/2/2015-ൽ അന്നത്തെ വ്യവസായ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഭൂമി വിട്ടു തരാൻ സമ്മതമുള്ള ഭൂവുടമകളിൽ നിന്നും സമ്മതപത്രം വാങ്ങി DLPC കൂടി ഭൂവുടമകളുമായി നെഗോഷിയേറ്റ് ചെയ്ത് വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അപ്രകാരം നിശ്ചയിച്ച വില G.O.(Rt)No.4926/2017/RD dated 18/11/2017 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. മേൽപ്രകാരം സമ്മതപത്രം നല്കിയ 32 പേരുടെ ഭൂമിയുടെ പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും ലീഗൽ സ്ക്രൂട്ടണി നടന്നുവരികയാണ്. |
| ബി) | പ്രസ്തുത പാർക്കിനായി സ്ഥലം വിട്ടു നൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം മുഴുവനും കൊടുത്തോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | | |
| സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 5.10.2018 തീയതിയിൽ ബഹു. വ്യവസായ വകുപ്പ മന്ത്രിക്ക് നൽകിയിരുന്ന MLA-PNJR/GP/360/2018-19 എന്ന കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | സി) | പ്രസ്തുത കത്തിനൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ശ്രീ.വിനോദ് ചെറിയാന്റെ അപേക്ഷ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 8/11/2018 ലെ സർക്കാർ കത്ത് പ്രകാരം കിൻഫ്ര എം.ഡി.ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സുഗന്ധവ്യഞ്ജന പാർക്ക് എത്രവർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് തീരുമാനം എടുത്തിരിക്കുന്നത്; വിശദമാക്കാമോ; | ഡി) | ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രക്ക് കൈമാറുന്ന മുറയ്ക്ക് 24 മാസത്തിനുള്ളിൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) | സുഗന്ധവ്യഞ്ജന പാർക്കിനായി സ്ഥലം വിട്ടുകൊടുത്ത ജനങ്ങൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ ; | ഇ) | സമ്മതപത്രം നല്കിയ 32 പേരുടെ ഭൂമിയുടെ പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും ലീഗൽ സ്ക്രൂട്ടണി നടന്നുവരികയാണ്. ലീഗൽ ക്ലിയറൻസ് കിട്ടുന്ന കേസ്സുകളിൽ ഫണ്ട് ലഭ്യമാകുന്ന മുറക്ക് തീറാധാരം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതാണ്. |
| എഫ്) | പ്രസ്തുത പാർക്കുമായി ബന്ധപ്പെട്ട് വ്യവസായ (ജി) വകുപ്പിലെ ഫയലിൽ എന്ത് തീരുമാനം എടുത്തു; ഫയൽ നമ്പർ ലഭ്യമാക്കുമോ; വിശദമാക്കാമോ? | എഫ്) | ഫയൽ നം.ജി1/110/2018/വ്യവ പ്രകാരം സുഗന്ധ വ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തി റിപ്പോർട്ട് നല്കാൻ കിൻഫ്രയോട് ആവശ്യപ്പെട്ടു.<br>ഫയൽ നം.132/ജി1/2018/വ്യവ-യിലെ GO(RI)No.826/2018/ID dated 16/7/2018 പ്രകാരം, 15.40 കോടി രൂപ പദ്ധതി ചെലവിൽ, സുഗന്ധ വ്യഞ്ജന പാർക്കിന്റെ വികസനത്തിന് ഭരണാനുമതി നല്കി. |

**സെക്ഷൻ ഓഫീസർ**